പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1548 — 16.03.2015 ലെ മറുപടിയ്ക്ക്

# ചെറുകിട നാമമാത്ര കർഷകർക്കായുള്ള ഇൻകം ഗ്യാരണ്ടി സ്കീം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. എളമരം കരീം<br>ശ്രീ. എം. ഹംസ<br>ശ്രീ. സി.കൃഷ്ണൻ | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) രണ്ട് ഹെക്ടർ വരെ കൃഷിഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്കായുള്ള ഇൻകം ഗ്യാരണ്ടി സ്കീം പ്രഖ്യാപിച്ചത് എപ്പോഴായിരുന്നു; അത് നടപ്പിലാക്കുന്നതിന് ഭരണാനുമതി നല്കിയ ഉത്തരവും തീയതിയും വ്യക്തമാക്കാമോ; | (എ) | രണ്ട് ഹെക്ടർ വരെ കൃഷിഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്കായുള്ള "ഇൻകം ഗ്യാരണ്ടി സ്കീം" 2014-15 - ലെ ബഡ്ജറ്റ് പ്രസംഗത്തിലാണ് പ്രഖ്യാപിച്ചത്. പ്രകൃതിക്ഷോഭം മൂലവും രോഗകീടാക്രമണം മൂലവും ഉണ്ടാകുന്ന വിള നഷ്ടത്തിൽ നിന്ന് കർഷകരെ സംരക്ഷിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ പരിഷ്കരിച്ച ദേശീയ വിള ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി എന്നീ പദ്ധതികൾ ഉൾപ്പെട്ട ദേശീയ വിള ഇൻഷ്വറൻസ് പദ്ധതി (NCIP) യിൽ ഉൾപ്പെടുത്തി സമഗ്ര കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ദേശസാൽകൃത ഇൻഷ്വറൻസ് കമ്പനികൾ വഴി എത്ര വിളകൾ ഇൻഷ്വർ ചെയ്യുകയുണ്ടായി; പ്രീമിയം ഇനത്തിലാവശ്യമായ തുക എത്രയായിരുന്നു; അടച്ച പ്രീമിയം തുക എത്ര; ബജറ്റിൽ വകയിരുത്തിയ തുക എത്രയായിരുന്നു;വിശദാംശങ്ങൾ നൽകുമോ; | (ബി) | അഗ്രികൾച്ചർ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ മുഖേനയാണ് പരിഷ്കരിച്ച ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി എന്നിവ 2014-15 വർഷത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം, ഖാരിഫ് 2014 സീസണിൽ നെല്ല്, വാഴ, കുരുമുളക്, തെങ്ങ്, ഇഞ്ചി, മഞ്ഞൾ, ജാതി, കരിമ്പ്, കമുക് എന്നീ വിളകൾ ഇൻഷ്വർ ചെയ്യുകയുണ്ടായി. പരിഷ്കരിച്ച ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി പ്രകാരം നെല്ല്, വാഴ, മരച്ചീനി എന്നീ വിളകൾ ഇൻഷ്വർ ചെയ്തു.<br><br>പ്രീമിയം ഇനത്തിൽ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 2,02,61,935/- രൂപ പ്രീമിയം സബ്സിഡിയായി നൽകേണ്ടതുണ്ട്. പരിഷ്കരിച്ച ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി പ്രകാരം 75,69,166/- രൂപ പ്രീമിയം സബ്സിഡിയായി AICIL- ന് |

| | | | |
|---|---|---|---|
| | | | നല്കേണ്ടതുണ്ട്. ഒരു കോടി രൂപയാണ് 2014-15 വർഷത്തിൽ ബജറ്റിൽ വകയിരുത്തിയത്. ഒരു കോടി രൂപ AICIL - ന് പ്രീമിയം സബ്സിഡി ഇനത്തിൽ 2014-15 വർഷത്തിൽ നൽകിയിട്ടുണ്ട്. |
| (സി) | ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയ പ്രീമിയം തുക എത്ര; എത്ര ഉപഭോക്താക്കൾ ഇൻഷുറൻസ് സ്കീമിൽ വരുകയുണ്ടായി; | (സി) | 2014 ഖാരിഫ് സീസണിൽ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ 17897 കർഷകർ ചേരുകയും 1,18,08,408 രൂപ പ്രീമിയം തുകയായി ഒടുക്കുകയും ചെയ്തിട്ടുണ്ട്. പരിഷ്കരിച്ച ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയിൽ 6630 കർഷകർ ചേരുകയും 78,44,644/- രൂപ പ്രീമിയം തുകയായി ഒടുക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | എത്ര ഉപഭോക്താക്കൾക്ക് ഇൻഷുറൻസിന്റെ ഗുണഫലം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ? | (ഡി) | 2014 ഖാരിഫ് സീസണിൽ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 11549 നെൽ കർഷകർ 79.51 ലക്ഷം രൂപയ്ക്ക് അർഹരായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ